# 13-ാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 598   19.03.2013-ന് മറുപടി പറയേണ്ടത്

**2012-2013 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം**

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ബഹു.ധനകാര്യ വകുപ്പ് മന്ത്രി

ശ്രീ.കെ.എം. മാണി

| | | |
|---|---|---|
| എ) | സംസ്ഥാന സർക്കാരിൻെറ 2012-2013 സാമ്പത്തിക വർഷത്തെ നികുതിയിയേതര വരുമാനം എത്രയാണ്; വിശദാംശം നൽകുമോ? | അക്കൗണ്ട് ജനറലിൻെറ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ 2013 ജനുവരി 31 വരെ സംസ്ഥാന സർക്കാരിനു ലഭിച്ച ആകെ നികുതിയേതര വരുമാനം 2638.24 കോടി രൂപയാണ്. |
| ബി) | 2012-2013 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ? | 31.01.2013 വരെയുള്ള 10 മാസം കൊണ്ട് പ്രതീക്ഷിച്ച വരുമാനത്തിൻെറ 75 ശതമാനം പിരിച്ചെടുത്തു. 31.3.2013 കൊണ്ട് പ്രതീക്ഷിച്ച വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ? | |
| ഡി) | നടപ്പു സാമ്പത്തിക വർഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ? | വിവിധ വകുപ്പ് തലവൻമാരിൽ നിന്നും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ലഭിച്ച നിർദ്ദേശം ഗവൺമെൻറ് പരിശോധിച്ച് വരികയാണ്. ഇതിൻെറ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾക്കുള്ള ഫീസുകൾ, ചാർജ്ജുകൾ മുതലായവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനോടകം പതിമൂന്നോളം വകുപ്പുകളിൽ നിന്നും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു. |

Hathinthai

**സെക്ഷൻ ഓഫീസർ**